# മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ 95% സീറ്റുകളും ഗവ. ക്വാട്ടയിൽ, എൻ.ആർ.ഐ സീറ്റുകളിൽ ഫീസ് ഇളവ്, ബിരുദത്തിനൊപ്പം മൈനർ ബിരുദം

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി നേരിട്ടു നടത്തുന്ന എഞ്ചിനീയറിംഗ് കോളേജായ തൊടുപുഴ മുട്ടം യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് കോളേജിൽ ബി. ടെക് കോഴ്സുകൾ 95% സീറ്റുകളും ഗവ. ക്വാട്ടയിൽ അഡ്മിഷൻ നടത്താൻ സർക്കാർ ഉത്തരവായിരിക്കുന്നു. വാർഷിക ട്യൂഷൻ ഫീസ് 35000 രൂപ ആയിരിക്കും. ഇതോടൊപ്പം 5% വരുന്ന എൻ.ആർ ഐ സീറ്റുകളുടെ വാർഷിക ട്യൂഷൻ ഫീസ് 1,00,000 രൂപയിൽ നിന്ന് 50,000 രൂപയാക്കിയും കുറച്ചിട്ടുണ്ട്.

കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ആൻഡ് കമ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ്, ഇൻഫോർമേഷൻ ടെക്നോളജി, പോളിമർ എഞ്ചിനീയറിംഗ് എന്നീ ശാഖകളിലാണ് ബി.ടെക് കോഴ്സുകൾ നടത്തുന്നത്.

ബി.ടെക് കോഴ്സുകൾക്ക് തിയറിയും പ്രാക്ടിക്കലും സമന്വയിപ്പിച്ചുകൊണ്ടുള്ള പരിഷ്കരിച്ച പാഠ്യപദ്ധതി 2015 മുതൽ സർവ്വകലാശാല നടപ്പിലാക്കി. ഓപ്പൺ ബുക്ക് പരീക്ഷാസമ്പ്രദായവും പുതിയ പാഠ്യ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനായി എല്ലാ സെമസ്റ്ററുകളിലും അഡീഷണൽ സ്കിൽ ഡവലപ്മെൻറ് പ്രോഗ്രാമുകൾ പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗേറ്റ് പരീക്ഷക്കു വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി ഏഴാം സെമസ്റ്ററിൽ ഗേറ്റ് മാതൃകയിലുള്ള പരീക്ഷ പാഠ്യപദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അവസാനവർഷപ്രോജക്ട് വ്യവസായോന്മുഖമായരീതിയിലേക്കു മാറ്റാൻ എട്ടാം സെമസ്റ്ററിലെ 60% സമയം പ്രോജക്ടിനായി നീക്കിവച്ചു. സ്വയംസംരംഭകത്വ ശേഷി പ്രാവർത്തികമാക്കുന്നതിനായി ടെക്നോളജി ഇൻകുബേഷൻ സെൻറർ കോളേജിൽ സ്ഥാപിക്കാനും തയ്യാറെടുക്കുകയാണു സർവ്വകലാശാല.

കേരളത്തിൽ ആദ്യമായി, ബി.ടെക് പഠനം നടത്തുന്ന എഞ്ചിനീയറിംഗ് ശാഖയിലെ ബിരുദത്തിനു പുറമേ മറ്റൊരു എഞ്ചിനീയറിംഗ് ശാഖയിൽ 'മൈനർ' ബിരുദം കൂടി നേടുവാൻ പരിഷ്കരിച്ച പാഠ്യപദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കുന്നതാണ്.

95% മെറിറ്റ് സീറ്റിലും അഡ്മിഷൻ എൻട്രൻസ് കമ്മീഷണറുടെ കേന്ദ്രീകൃത അലോട്ട്മെൻറ് വഴിയാണ് നടത്തുന്നത്. എൻ.ആർ.ഐ ക്വാട്ടയിലേക്കുള്ള അഡ്മിഷൻ സർവ്വകലാശാല നേരിട്ടു നടത്തുന്നു. വിശദ വിവരങ്ങൾക്ക് കോളേജ് ഓഫീസിൽ ബന്ധപ്പെടുക. ഫോൺ; 04862 256222, 9447740696

പ്രിൻസിപ്പാൾ